കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കുന്നതിന് മുൻപ് ടി.ടി.സി യോഗ്യത നേടിയവർക്ക് കെ-ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഒ (കൈ) നം.162/2020/പൊവിവ തീയതി, തിരുവനന്തപുരം,07/10/2020

---

പരാമർശം:- എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 9-01-2020 തീയതിയിലെ പ്രൊഗ്'2/5996/2019/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് 2009 ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം, കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കുന്നതിന് മുൻപ് ടി.ടി.സി പരീക്ഷയ്ക്ക് അഡ്മിഷൻ നേടിയ ഉദ്യോഗാർത്ഥികൾക്ക് കെ-ടെറ്റ് സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

കെ-ടെറ്റ് പരീക്ഷ നടപ്പിലാക്കിയത് 2013 ലാണ്. ഈ കാലയളവിന് മുൻപ്, അന്ന് നിലനിന്നിരുന്ന ചട്ടപ്രകാരം ടി.ടി.സി പരീക്ഷയ്ക്ക് അഡ്മിഷൻ ലഭിച്ചവർക്ക് കെ-ടെറ്റ് പാസായതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ. ഷാജഹാൻ

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)